ആദിവാസി ഭൂമിവിതരണ പരിപാടി

321 (671) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി ഭൂമിവിതരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) നടപ്പുവർഷം പ്രസ്തുത പദ്ധതി പ്രകാരമുള്ള ലക്ഷ്യം വ്യക്തമാക്കുമോ ;

(സി) നടപ്പുവർഷം വിതരണം ചെയ്ത ഭൂമി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഭൂമി വിതരണ പദ്ധതിയുടെ പുരോഗതി ജില്ലാതല ഉദ്യോഗസ്ഥരുടെ മീറ്റിംഗുകളിലൂടെയും ബഹു. വകുപ്പ് മന്ത്രി പ്രത്യേകമായും വിലയിരുത്തിവരുന്നു.

(ബി) നടപ്പു വർഷം താഴെപ്പറയുന്ന ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട് :

1. വനാവകാശം - ലഭ്യമായ എല്ലാ അപേക്ഷകളും മാർച്ച് 31-ന് മുമ്പ് തീർപ്പാക്കുക.
2. വയനാട് ജില്ലയിൽ 50 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി നൽകുക.
3. സുപ്രീം കോടതി വിധിപ്രകാരം വിട്ടുകിട്ടിയ വനഭൂമിയുടെ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക.

(സി) നടപ്പുവർഷം (2014-15) താഴെപ്പറയുന്ന പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്തിട്ടുണ്ട് :

1. ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം - 353 പേർക്ക് 121 ഏക്കർ ഭൂമി
2. വനാവകാശം- 82 കുടുംബങ്ങൾക്ക് 54 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തു.
3. ടി.ആർ.ഡി.എം. മുഖേന ഒരാൾക്ക് ഒരേക്കർ ഭൂമി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly